# മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം
## പ്രസിഡന്റ് ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ : 1/2022**

കർത്താവിൽ പ്രിയരെ,

മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവ കൃപയ്ക്കായി സ്തോത്രം.

കോവിഡും മറ്റ് പകർച്ചവ്യാധികളും, പ്രളയവും ദുരിതം വിതച്ച ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ വലിയകരം താങ്ങായി കൂടെയുണ്ടെന്ന വിശ്വാസത്തിൽ നമുക്ക് വിശ്വാസയാത്ര തുടരാം. ഈ വർഷം സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 2 വരെയുള്ള തീയതികളിൽ സംഘവാരമായി ആചരിക്കുകയാണ്. ഒക്ടോബർ 2 ഞായറാഴ്ച സന്നദ്ധ സുവിശേഷക സംഘദിനമായും ആചരിക്കുന്നു. സംഘത്തിന്റെ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തി പ്രസ്താവന നടത്തുവാനും വചനശുശ്രൂഷ നിർവ്വഹിപ്പാനും സെപ്റ്റംബർ 25 ഞായറാഴ്ച ഡെപ്യൂട്ടേഷൻ ക്രമീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ സഹായങ്ങൾ ഇടവക വികാരിമാർ ചെയ്യേണ്ടതാണ്. സംഘത്തിന്റെ ഏഴിന പരിപാടികളോടൊപ്പം തന്നെ മറ്റ് ചില കർമ്മ പരിപാടികളും ഈ സാമ്പത്തികവർഷം ചെയ്യുവാൻ ആഗ്രഹിക്കുന്നു. 'എന്റെ കുടുംബം- എന്റെ ദൗത്യം' എന്ന പേരിൽ ഫാമിലി കൗൺസിലിംഗ് പ്രോഗ്രാം കൊമ്പാടിയിലുള്ള നമ്മുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിക്കുകയാണ്. അതിവേഗം തകർച്ച ഭവിക്കുന്ന കുടുംബബന്ധങ്ങളെ കെട്ടുറപ്പുള്ളതാക്കുവാൻ ഈ പ്രോഗ്രാം സഹായകരമാണ്. 'അന്നം-അൻപിൻകരം' നമ്മുടെ ജീവകാരുണ്യപദ്ധതിയാണ്. ആവശ്യങ്ങളി ലിരിക്കുന്നവർക്കും സങ്കടത്തിലിരിക്കുന്നവർക്കുമായി നമ്മുടെ വിഭവങ്ങൾ പങ്കുവച്ച് കരുതലിന്റെ കരം നീട്ടി കൊടുക്കാം. സംഘത്തിന്റെ അച്ചൻകോവിൽ മിഷൻ വീട് അടിയന്തിരമായി പുനർനിർമ്മിക്കേണ്ടതുണ്ട്. സുന്ദരപാണ്ഡ്യപുരം മിഷൻ തമിഴ്നാട്ടിലുള്ള മിഷൻ പ്രവർത്തനങ്ങളാണ്. അവിടെയുള്ള വിശ്വാസികൾ ആരാധിപ്പാൻ സ്വന്തമായി ആലയമില്ലാതെ പ്രയാസപ്പെടുന്നു. ഇപ്പോൾ വാടക കെട്ടിടത്തിലാണ് നമ്മുടെ പ്രവർത്തനം നടക്കുന്നത്. അവിടെ മിഷൻ വീടും, ആരാധനാലയവും ഉണ്ടാകേണ്ടിയിരിക്കുന്നു. സംഘത്തിന്റെ കൽക്കുളം, മുക്കട എന്നീ മിഷൻ കേന്ദ്രങ്ങളിലും ആവശ്യങ്ങൾ ഏറെയാണ്. AMM ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും, ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾക്കും സഹായം ആവശ്യമാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രതിമാസം നാലുലക്ഷം രൂപയോളം കണ്ടെത്തിയാൽ മാത്രമേ അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. അനേകരുടെ നിർലോഭമായ സഹായങ്ങൾ കൊണ്ടുമാത്രമാണ് ഇതുവരെയും പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വന്നത്. ഈ വർഷം 35 ലക്ഷം രൂപായാണ് സ്തോത്രകാഴ്ചയായി പ്രതീക്ഷിക്കുന്നത്. സ്തോത്രകാഴ്ചയിൽ എല്ലാവരും പ്രാർത്ഥനയോടെ പങ്കുകാരാകണം.

തിരുവല്ലയിൽ സഭാ ആസ്ഥാനത്ത് സഭാ സെക്രട്ടറിയേറ്റ് ഓഫീസ് കോംപ്ലക്സ് നിർമ്മാണം പുരോഗമിച്ചുവരുന്നു. അതിന്റെ രണ്ടാംനിലയിൽ നമുക്കുവേണ്ടി വേർതിരിച്ചിരിക്കുന്ന സ്ഥലത്തിന്റെ നിർമ്മാണചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 25 ലക്ഷം രൂപയോളം കണ്ടെത്തേണ്ടി യിരിക്കുന്നു. ഇന്ത്യയിലുള്ള എല്ലാ ഭദ്രാസനങ്ങളും കുറഞ്ഞത് 2 ലക്ഷം രൂപായെങ്കിലും ഇടവകമിഷൻ വഴിയായി ശേഖരിച്ചു നൽകുവാൻ ക്രമീകരണം ചെയ്തിരിക്കുന്നു. ഭദ്രാസനങ്ങൾ നൽകുന്ന നിർദ്ദേശങ്ങൾ നിറവേറ്റുവാൻ ഇടവക വികാരിമാരും, ഇടവക മിഷൻ ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

കൊമ്പാടിയിലുള്ള നമ്മുടെ ധ്യാനകേന്ദ്രം ക്യാമ്പുകൾക്കും പ്രാർത്ഥനകൾക്കുമായി ഏവരും പ്രയോജനപ്പെടുത്തണം. വിവിധ കോഴ്സുകളിലൂടെ ദൈവവചനം പഠിക്കുവാൻ AMM ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അവസരങ്ങളും കൺവൻഷനുകൾക്കും ധ്യാനയോഗങ്ങൾക്കുമായി ഗോസ്പൽ ടീമിനെയും പ്രയോജനപ്പെടുത്തണം.

പ്രിയരെ, ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകനാണെന്ന് ഭാഗ്യസ്മരണീയനായ ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ വാക്കുകൾ നാം വിസ്മരിക്കാതെ, ആയിരിക്കുന്ന ഇടങ്ങളിൽ കർത്താവിന്റെ സാക്ഷികളാകാം. ആത്മാവിൽ എരിവുള്ളവരായും ഉത്സാഹത്തിൽ മടുപ്പില്ലാത്തവരുമായി നമുക്ക് കർത്താവിന്റെ വേല ചെയ്യാം. കത്തിച്ചുവച്ച വിളക്കുപോലെ അനേകർക്കു വെളിച്ചം പകരാം.

കൃപ നിങ്ങളോടുകൂടെയിരിക്കുമാറാകട്ടെ.

ക്രിസ്താബ്ദം 2022 ആഗസ്റ്റ് 10 ന് കോഴഞ്ചേരി ഹെർമിറ്റേജിൽ നിന്നും

**ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ**
സന്നദ്ധ സുവിശേഷക സംഘം പ്രസിഡന്റ്